## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 233** **07-10-2024 - ൽ മറുപടിയ്ക്ക്**

## മലപ്പുറം ജില്ലയിൽ നടപ്പ വർഷം റിപ്പോർട്ട് ചെയ്ത പകർച്ചവ്യാധികേസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ നടപ്പുവർഷം നാളിതുവരെ എത്ര പകർച്ചവ്യാധി കേസുകൾ ഉണ്ടായിട്ടുണ്ടെന്നും എത്ര പേർ ഏതെല്ലാം പകർച്ചവ്യാധികൾ കാരണം മരണപ്പെട്ടുവെന്നും വ്യക്തമാക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ നടപ്പുവർഷം സെപ്റ്റംബർ വരെ ഉണ്ടായിട്ടുള്ള പകർച്ചവ്യാധി കേസുകളുടെയും മരണങ്ങളുടെയും വിശദാംശം **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | അപകടകരമായ പകർച്ചവ്യാധികളിലുൾപ്പെട്ട നിപ , അമീബിക് മസ്തിഷ്ക ജ്വരം, എം.പോക്സ് എന്നിവ ജില്ലയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവ ബാധിക്കാനിടയായ സാഹചര്യം വിശദമാക്കുമോ; | (ബി) | 2024 -ൽ രണ്ട് പേർക്ക് നിപയും, ഒരാൾക്ക് അമീബിക് മസ്തിഷ്ക ജ്വരവും ഒരാൾക്ക് എംപോക്സും ജില്ലയിൽ സ്ഥിരീകരിച്ചിട്ടുണ്ട്.<br>1. വവ്വാലുകളുടെ സ്രവങ്ങൾ പുരണ്ട പഴങ്ങളിൽ നിന്നാണ് നിപ്പ ബാധിച്ചത് എന്നാണ് അനുമാനിക്കുന്നത്.<br>2. അമീബിക് മസ്തിഷ്കജ്വരം പുഴയിൽ കുളിച്ചത് വഴിയാണ് ബാധിച്ചത് എന്ന് അനുമാനിക്കുന്നു.<br>3. എംപോക്സ് ബാധിതൻ വിദേശത്ത് ജോലി ചെയ്യുമ്പോഴാണ് രോഗബാധ ഉണ്ടായിട്ടുള്ളത്. |
| (സി) | നിപ രോഗം ആവർത്തിച്ച് വരുന്ന പശ്ചാത്തലത്തിൽ ഇവയുടെ ഉറവിടം, രോഗപ്രതിരോധ മാർഗ്ഗങ്ങൾ സംബന്ധിച്ച പഠനം, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (സി) | വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ടി നിപ്പാ പ്രതിരോധ പ്രവർത്തനങ്ങളുടെ കലണ്ടർ സ.ഉ(സാധാ) നം.1709/2024/ എച്ച്&എഫ്.ഡബ്ല്യു.ഡി തീയതി 17.07.2024 പ്രകാരം സർക്കാർ അംഗീകരിച്ചു നടപ്പിലാക്കി വരുന്നു. സർക്കാർ / സ്വകാര്യ മേഖലയിലെ ഡോക്ടർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ നിപ പരിശോധന സൗകര്യം വികസിപ്പിച്ചെടുത്തു. ഇതിന് ആവശ്യമായ പരിശീലനവും നൽകി. നിപ്പാ രോഗബാധക്ക് കാരണങ്ങൾ കണ്ടെത്തുന്നതിന് കൂടുതൽ പഠനം നടത്തുന്നതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ നിപ്പാ ചികിത്സക്ക് ആവശ്യമായ മോണോക്ലോണൽ ആന്റിബോഡികൾക്ക് വേണ്ടിയുള്ള ഗവേഷണങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വിവിധ മാധ്യമങ്ങളിലൂടെയുള്ള അവബോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. താഴെ വീണു കിടക്കുന്നതോ, കടിച്ചതോ, പാതി തിന്നതോ ആയ പഴങ്ങൾ കഴിക്കരുത് എന്ന നിർദ്ദേശം ദൃശ്യ /ശ്രവ്യ മാധ്യമങ്ങൾ വഴിയും നേരിട്ടും പൊതുജനങ്ങൾക്ക് നൽകിയിട്ടുണ്ട്. സ്കൂളുകൾ വഴി വിദ്യാർത്ഥികൾക്ക് അവബോധം നൽകി. വാർഡ് ലെവൽ ഗ്രൂപ്പുകളിലൂടെയും മറ്റ് സോഷ്യൽ മീഡിയ വഴിയും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പകർച്ചവ്യാധികളെ നേരിടുന്നതിനായി ജില്ലയിലെ ആരോഗ്യരംഗം ശക്തിപ്പെടുത്തുന്നതിനും ആശുപത്രികളിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ജനസംഖ്യാനുപാതികമായി ആരോഗ്യപ്രവർത്തകരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | പകർച്ചവ്യാധികളെ നേരിടുന്നതിനായി ജില്ലയിൽ അവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിപ്പ, എംപോക്സ് എന്നീ പകർച്ചവ്യാധികൾ ജില്ലയിൽ കാണപ്പെട്ട സാഹചര്യത്തിൽ ജില്ലയിൽ കൺട്രോൾ റൂം തുറക്കുകയും, കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു. ഓരോ കമ്മിറ്റികളുടേയും പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഉന്നത അധികാരികളുടെ നേതൃത്വത്തിൽ അവലോകനം ചെയ്തു വരുന്നു. കേന്ദ്ര - സംസ്ഥാന ആരോഗ്യ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>ജില്ലാ സർവൈലൻസ് യൂണിറ്റുകൾ മുഖേന രോഗനിരീക്ഷണം നടന്നു വരുന്നു. ജില്ലാ സർവൈലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ നടന്നു വരുന്നു. മലപ്പുറം ജില്ലയിലെ ആരോഗ്യ പ്രവർത്തകരുടെ മികവും പരിശോധന സംവിധാനങ്ങളുടെ മികവും രോഗം കണ്ടുപിടിക്കുന്നതിനും പ്രതിരോധിക്കുന്നതിനും സഹായകമായി. ജില്ലാ സർവൈലൻസ് ടീമിനെ സഹായിക്കുവാൻ സംസ്ഥാന തലത്തിൽ നിന്നും അവശ്യം വേണ്ട ഉദ്യോഗസ്ഥരെ നിയോഗിക്കുന്നുണ്ട്. ജില്ലാ തലത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്.<br><br>വിവിധ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ജില്ലയിലെ ആരോഗ്യ പ്രവർത്തകർക്ക് പരിശീലനങ്ങൾ നൽകിവരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് അവബോധ പ്രവർത്തനങ്ങൾ വിവിധ മാധ്യമങ്ങൾ വഴി നൽകിവരുന്നു.<br><br>പകർച്ചവ്യാധികൾ സ്ഥിരീകരിക്കുന്നതിന് വേണ്ടിയുള്ള ലബോറട്ടറി സജ്ജീകരണങ്ങൾ ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബ്, മഞ്ചേരി മെഡിക്കൽ കോളേജ്, ജില്ല/താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആർദ്രം മാനദണ്ഡ പ്രകാരം കേരളത്തിലെ ആരോഗ്യ മേഖലയിലെ ആശുപത്രികളെ ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, കുടുംബാരോഗ്യ കേന്ദ്രം, ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രം എന്നിങ്ങനെ ഓരോ തലങ്ങളായി തിരിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നൽകേണ്ട സേവനങ്ങളെക്കുറിച്ച് ആർദ്രം മാനദണ്ഡപ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഘട്ടം ഘട്ടമായി തസ്തികകൾ സൃഷ്ടിക്കൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ പ്രാദേശിക ആവശ്യകത അനുസരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ്, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ദേശീയ ആരോഗ്യ ദൗത്യം, കാസ്പ് എന്നിവ മുഖേനയും ജീവനക്കാരെ നിയമിച്ച് സേവനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## മലപ്പുറം ജില്ലയിൽ 2024 ജനുവരി മുതൽ സെപ്റ്റംബർ വരെ വിവിധ പകർച്ചവ്യാധികൾ മൂലം മരണപ്പെട്ടവരുടെ വിശദാംശം

| ക്രമ നം | രോഗത്തിന്റെ പേര് | 2024 | |
|---|---|---|---|
| | | കേസുകൾ | മരണം |
| 1 | ഡങ്കിപ്പനി | 1282 | 0 |
| 2 | എലിപ്പനി | 189 | 16 |
| 3 | മലേറിയ | 41 | 0 |
| 4 | ഡിസന്ററി (Dysentery) | 53 | 0 |
| 5 | ചിക്കൻപോക്സ് | 5126 | 1 |
| 6 | ഹെപ്പറ്റൈറ്റിസ് –എ | 2147 | 20 |
| 7 | മുണ്ടിനീര് (Mumps) | 12697 | 0 |
| 8 | അഞ്ചാം പനി (Measles) | 27 | 0 |
| 9 | റൂബല്ല | 1 | 0 |
| 10 | കോളറ | 1 | 0 |
| 11 | ജപ്പാൻജ്വരം | 1 | 0 |
| 12 | ടൈഫോയിഡ് | 11 | 0 |
| 13 | എച്ച് എൻ1 | 136 | 14 |
| 14 | ന്യുമോണിയ | 12 | 6 |
| 15 | വില്ലൻ ചുമ | 7 | 0 |
| 16 | സ്ക്രബ് ടൈഫസ് (ചെള്ള് പനി) | 23 | 0 |
| 17 | ഷിഗല്ല | 14 | 1 |
| 18 | നിപ | 2 | 2 |
| 19 | എ.ഡി.ഡി (വയറിളക്ക രോഗങ്ങൾ) | 72748 | 0 |
| 20 | അമീബിക് മസ്തിഷ്കജ്വരം | 1 | 1 |
| 21 | പനി (Fever Unclassified) | | |
| | OP | 365330 | 5 |
| | IP | 2463 | |

സെക്ഷൻ ഓഫീസർ